## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 16 11-06-12 ൽ മറുപടിക്ക്**

## കാരുണ്യ ലോട്ടറി പദ്ധതി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.ലൂഡി ലൂയിസ്:<br>ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.ഷാഫി പറമ്പിൽ : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ലോട്ടറി പദ്ധതി വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ ; | (എ) | നിശ്ചിത സ്വകാര്യ ആശുപത്രികളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>10.08.2011 ലെ GO(MS) 105/11/TD നമ്പർ സർക്കാർ ഉത്തരവിലൂടെ കാരുണ്യ ലോട്ടറി ആരംഭിക്കുകയും, 30.01.2012 ലെ GO(MS) 7/12/TD നമ്പർ പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിർദ്ധനരായ കാൻസർ, വൃക്ക, കരൾ, ഹൃദയ സംബന്ധമായ രോഗങ്ങൾ, പാലിയേറ്റീവ് കെയർ രോഗികൾ മുതലായവർക്ക് ധന സഹായം നൽകുന്നതിന് വേണ്ടിയുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതി നടത്തിപ്പിനായി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ചെയർമാനായി സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റിയും 16.02.2012 ലെ GO(MS) 23/12/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടു. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഉദ്ഘാടനം 26.02.2012 ൽ നടത്തുകയുണ്ടായി. സംസ്ഥാനതലത്തിൽ ഫണ്ടിന്റെ പ്രവർത്തനം നടത്തുന്നതിനായി തിരുവനന്തപുരത്ത് പട്ടത്ത് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>3 ലക്ഷത്തിൽ താഴെ വരുമാനമുള്ള BPL വിഭാഗത്തിൽപ്പെട്ട മേൽപ്പറഞ്ഞ രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നത്. പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. സർക്കാരിന്റെ മറ്റ് ചികിത്സാ പദ്ധതികളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ലഭിച്ച തുകയുടെ ബാക്കി, പരമാവധി 2 ലക്ഷം എന്ന കണക്കിന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതാണ്. 3000/- രൂപയ്ക്ക് മുകളിൽ ധനസഹായത്തിനുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫോറത്തിൽ റേഷൻകാർഡ്, കുടുംബഫോട്ടോ, ചികിത്സിയ്ക്കുന്ന ആശുപത്രിയിൽ നിന്നുള്ള Expenditure Estimate എന്നിവ സഹിതം രോഗി താമസിക്കുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് ജില്ലാതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റി അർഹമായ അപേക്ഷകൾ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുന്നതാണ്. ശുപാർശചെയ്യപ്പെട്ട അപേക്ഷകളിന്മേൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ചെയർമാനായ സംസ്ഥാന കമ്മിറ്റി ധനസഹായം അനുവദിയ്ക്കുന്നു.<br><br>കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ പേരിലുള്ള TSB അക്കൗണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്യപ്പെടുന്നത്. സംസ്ഥാന കമ്മിറ്റി അനുവദിക്കുന്ന ധനസഹായം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററുടെ അക്കൗണ്ടിൽ നിന്നും ആശുപത്രിയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നു.<br><br>ഇത്തരത്തിൽ ഇതുവരെ 986 രോഗികൾക്ക് ധനസഹായമായി മൊത്തം 8,17,54,102/- രൂപ അനുവദിച്ചിട്ടുണ്ട്<br><br>17.02.2012 ലെ GO(MS) 25/12/TD നമ്പർ ഉത്തരവിലുടെ ഹീമോഫീലിയ രോഗികളെക്കൂടി ടി പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായി. നിലവിൽ സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ ആശുപത്രികളിലും ചികിത്സിയ്ക്കുന്ന രോഗികൾക്കാണ് ധനസഹായം നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം പൂർണ്ണമായും വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടോ ; | (ബി) | കാരുണ്യ ലോട്ടറിയിലൂടെ ഇതുവരെ ഏകദേശം 55 കോടി രൂപ ലാഭം ഉണ്ടായിട്ടുണ്ട്. ഇതിൽ നാളിതു വരെ 986 രോഗികൾക്ക് 8,17,54,102/- രൂപ ചികിത്സാ സഹായമായി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രതിവർഷം ശരാശരി എന്തു തുക ലാഭം ലക്ഷ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അതനുസരിച്ച് ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (സി) | ഈ സാമ്പത്തി ക വർഷം കാരുണ്യ ലോട്ടറിയിൽനിന്നും ഏകദേശം 80 കോടി രൂപയുടെ ലാഭം ലക്ഷ്യമാക്കിയിട്ടുണ്ട്. ലോട്ടറിയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. |
| (ഡി) | ലാഭത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ടോ ; ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ? | (ഡി) | ജില്ലകൾക്ക് ഫണ്ട് അലോട്ട് ചെയ്തിട്ടില്ല. ജില്ലകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് സഹായം അനുവദിക്കും. സംസ്ഥാനതല കമ്മിറ്റിയാണ് സഹായം അനുവദിക്കുന്നതും, അർഹതപ്പെട്ട തുക വിതരണം ചെയ്യുന്നതും |

**സെക്ഷൻ ഓഫീസർ**